# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 21**

---

*തിരുത്തൽ വരുത്താൻ ജൂൺ 12നും 13നും അവസരം*

## ഓണേഴ്സ് ബിരുദം; അപേക്ഷയിൽ സ്പെഷ്യലൈസേഷനുകൾ പ്രത്യേകം തിരഞ്ഞെടുക്കണം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഏകജാലക പ്രവേശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ സ്പെഷ്യലൈസേഷനോടു കൂടിയ പ്രോഗ്രാമുകൾ ആവശ്യമുള്ളവർ ഇവ പ്രത്യേകമായി തിരഞ്ഞെടുക്കണം. അഫിലിയേറ്റഡ് കോളജുകൾ സ്പെഷ്യലൈസേഷൻ ഇല്ലാത്ത കോഴ്സുകളും നടത്തുന്നുണ്ട്.

നിശ്ചിത കോഴ്സിനൊപ്പം സ്പെഷ്യലൈസേഷൻ തിരഞ്ഞെടുത്താൽ സ്പെഷ്യലൈസേഷനുള്ള കോളജുകളിലേക്ക് ഓപ്ഷൻ നൽകാനാകും. സ്പെഷ്യലൈസേൻ ഇല്ലാത്ത പ്രോഗ്രാമുകൾക്കു നേരെ ചകഘ എന്നത് സെലക്ട് ചെയ്താലേ സ്പെഷ്യലൈസേഷനുകൾ ഇല്ലാത്ത പ്രോഗ്രാമുകൾ ലിസ്റ്റ് ചെയ്യുകയുള്ളൂ.

ക്യാപ് വെബ്സൈറ്റിലുള്ള പ്രോഗ്രാമുകളും കോളജുകളുമായും ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ച് വിവരങ്ങൾ ഉറപ്പാക്കിയശേഷം മാത്രം ഓപ്ഷൻ നൽകാൻ ശ്രദ്ധിക്കുക. ഇതിനോടകം ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർക്ക് ജൂൺ 12, 13 തീയതികളിൽ നൽകിയ ഓപ്ഷൻ ഒഴിവാക്കുന്നതിനും പുതിയത് നൽകുന്നതിനും അവസരമുണ്ട്. ഓൺലൈൻ അപേക്ഷയിലെ അനുവദനീയമായ മറ്റു തിരുത്തലുകളും ഈ ദിവസങ്ങളിൽ നടത്താനാകും.

(പി.ആർ.ഒ/39/384/2024)

## മാർക്ക് ലിസ്റ്റുകൾ ജൂൺ മൂന്നു മുതൽ ലഭിക്കും

മഹാത്മാ ഗാന്ധി സർവകലാശാല നടത്തിയ ആറാം സെമസ്റ്റർ സിബിസിഎസ്(2021 അഡ്മിഷൻ) പരീക്ഷയുടെ(മാർച്ച് 2024) മാർക്ക് ലിസ്റ്റുകൾ ജൂൺ മൂന്നിനകം കോളജുകളിൽ എത്തിക്കും. വിദ്യാർഥികൾക്ക് അതത് കോളജുകളിൽ നിന്നും കൈപ്പറ്റാം.

സർവകലാശാലയിൽ നിന്നും നേരിട്ട് മാർക്ക് ലിസ്റ്റുകൾ ലഭിക്കുന്നതല്ല.

(പി.ആർ.ഒ/39/385/2024)

## പരീക്ഷാ ഫലം

ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ്(2021 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂൺ നാലു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..........................

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം(2022 അഡ്മിഷൻ - ഫാക്കൽറ്റി ഓഫ് ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു,

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂൺ മൂന്നു വരെ വകുപ്പു മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/386/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**